പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം : 705 28.09.2011 –ൽ മറുപടിക്ക്

## അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന ചെറുകിട കയർ ഫാക്ടറികൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. കെ. ദാസൻ<br>ശ്രീമതി. അയിഷാ പോറ്റി<br>ശ്രീ. സി.കെ. സദാശിവൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| **(എ) സംസ്ഥാനത്ത് എണ്ണായിരത്തിൽപരം ചെറുകിട കയർ ഫാക്ടറികൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;** | (എ)അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഉല്പന്ന നിർമ്മാണ മേഖലയിലെ പ്രതിസന്ധി ശ്രദ്ധയിൽപ്പെടുകയും അത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് |
| ബി) : ഇതുമൂലം കയർ തൊഴിലാളി കുടുംബങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ***ബി) പ്രധാന ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഉല്പന്ന മേഖലയിലെ തൊഴിലാളികൾക്ക് കുറഞ്ഞത് 285 രൂപയെങ്കിലും കൂലി ലഭ്യമാകണം എന്നരീതിയിൽ ചർച്ച ചെയ്ത് തീരുമാനമായിട്ടുണ്ട്.*** |
| (സി) അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമൂലവും ഉൽപന്നങ്ങൾ കെട്ടിക്കിടക്കുന്നതുമൂലവും തൊഴിലാളികൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | ***സി) കയർ മേഖലയിലെ തൊഴിലാളികളുടെ വേതന വർദ്ധനവ് സംബന്ധിച്ച് 07/8/11ൽ നടന്ന ചർച്ചയിൽ തീരുമാനിച്ച ഒത്തുതീർപ്പ് വ്യവസ്ഥയോടനുബന്ധമായി കയർ ഗ്രീവൻസ് കമ്മിറ്റി കൂടി മേഖലയിലെ മറ്റു പ്രശ്നങ്ങൾ ചർച്ച ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയത് അനുസരിച്ച് 17/8/11 ൽ കൂടിയ കയർ ഗ്രീവൻസ് കമ്മിറ്റി കയർ മേഖലയിലെ നിലവിലുള്ള*** |

പ്രതിസന്ധിയെ കുറിച്ച് ചർച്ച ചെയ്യുകയും അസംസ്കൃത വസ്തുക്കളുടെ ലഭ്യത, ഉല്പന്നങ്ങളുടെ വില വർദ്ധനവ് എന്നിവ പരിഗണിക്കുകയും ചെയ്തിരുന്നു. ഇതനുസരിച്ച് ഉല്പന്നങ്ങളുടെ വില 10 മുതൽ 25% വരെ വർദ്ധിപ്പിക്കുകയും ഓണത്തോടനുബന്ധിച്ച് 3 കോടി രൂപയുടെ ഉല്പന്നങ്ങൾ പുതുക്കിയ വില നൽകി കയർ കോർപ്പറേഷൻ സംഭരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 6.5 കോടിയോളം രൂപയുടെ ഉല്പന്നങ്ങൾ കൂടിയ വില നൽകി എടുത്ത് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ കയർ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന ക്രയവില സ്ഥിരതാ പദ്ധതി അനുസരിച്ച് 8000ത്തോളം ചെറുകിട ഉല്പാദക യൂണിറ്റുകളിൽ നിന്നും ഏപ്രിൽ 1 മുതൽ 23.9.11 വരെ 27 കോടിയോളം രൂപയുടെ കയറുല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ